"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരികകാര്യ വകുപ്പ് - മലയാളം മിഷൻ - 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയുടെ അഞ്ചാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരികകാര്യ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.179/2024/CLAD തീയതി,തിരുവനന്തപുരം, 22-03-2024

പരാമർശം:-
1. സ.ഉ(സാധാ) നം.219/2023/CLAD തീയതി 17.05.2023
2. സ.ഉ(സാധാ) നം.314/2023/CLAD തീയതി 22.06.2023
3. സ.ഉ(സാധാ) നം.451/2023/CLAD തീയതി 26.08.2023
4. സ.ഉ(സാധാ) നം.617/2023/CLAD തീയതി 23.11.2023
5. സ.ഉ(സാധാ) നം.47/2024/CLAD തീയതി 25.01.2024
6. സ.ഉ(സാധാ) നം.94/2024/CLAD തീയതി 22.02.2024
7. മലയാളം മിഷൻ ഡയറക്ടറുടെ 06.03.2024 ലെ 2115/22/മ.മി നമ്പർ കത്ത്.

**ഉത്തരവ്**

മലയാളം മിഷന് 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ "2202-05-102-86(പ്ലാൻ)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2,00,00,000/-രൂപ (രണ്ട് കോടി രൂപ) വിനിയോഗിച്ച് പദ്ധതി നിർവഹണം നടത്തുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തുകയിൽ നിന്നും പരാമർശം (2) പ്രകാരം ആദ്യ ഗഡുവായി 40,00,000/- രൂപയും പരാമർശം (3) പ്രകാരം രണ്ടാം ഗഡുവായി 36,00,000/-രൂപയും പരാമർശം (4) പ്രകാരം മൂന്നാം ഗഡുവായി 30,00,000/- രൂപയും പരാമർശം (5) പ്രകാരം നാലാം ഗഡുവായി 15,00,000/- രൂപയും അനുവദിച്ചു നൽകിയിരുന്നു. പരാമർശം (6) പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച 16,00,000/- രൂപ പദ്ധതിയേതര വിഹിതത്തിൽ അധിക ധനാനുമതിയായി അനുവദിച്ചു നൽകിയിരുന്നു. അഞ്ചാം ഗഡുവായി 63,00,000/- രൂപ അടിയന്തിരമായി അനുവദിക്കണമെന്ന് പരാമർശം (7) പ്രകാരം മലയാളം മിഷൻ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലയാളം മിഷന് 2023-24 സാമ്പത്തിക വർഷം പദ്ധതിയിനത്തിൽ " 2202-05-102-86 (പ്ലാൻ) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 1,84,00,000/-രൂപ (ഒരു കോടി എൺപത്തിനാലു ലക്ഷം രൂപ) യിൽ നിന്നും അഞ്ചാം ഗഡുവായി 15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ച്

നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള PSTSB അക്കൗണ്ട് നമ്പറും അനുബന്ധ വിശദാംശങ്ങളും മലയാളം മിഷൻ ഡയറക്ടർ സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതും തുക കൈപ്പറ്റി മൂന്ന് മാസത്തിനകം ധനവിനിയോഗ സാക്ഷ്യപത്രം സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരികവകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാജേഷ് ജി ആർ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, മലയാളം മിഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (22.03.2024 ലെ E 2467196 EDN-C3/166/2023 -FIN നമ്പർ പ്രകാരം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ഡയറക്ടർ, ഐ& പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ(C1/93/2023/CLAD)/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Mini.t.r.
Date: 22-03-2024 16:01:27
സെക്ഷൻ ഓഫീസർ

പകർപ്പ് :- സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പിഎസ്. ന്